(ജി) ചെറുകിട വ്യവസായ മേഖലയെ പുനരുദ്ധരിക്കാൻ താലൂക്ക്തല ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എന്ന പദ്ധതി നടപ്പാക്കുന്നില്ല. എല്ലാ ജില്ലകളിലും ജില്ലാമിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സഹകരണസംഘത്തിന്റെ വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(എച്ച്) വ്യവസായ വികസനത്തിനുവേണ്ട അടിസ്ഥാന സൗകര്യ വികസനം, ക്ളസ്റ്റർവികസനം തുടങ്ങിയ പദ്ധതികൾ ഇതിന്റെ ഭാഗമായി നടത്തിവരുന്നു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ഉയർത്തുന്ന മലിനീകരണ പ്രശ്നങ്ങൾ

124 (244) ശ്രീ. ബി. വിജയകുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ഉയർത്തുന്ന മലിനീകരണ പ്രശ്നങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു ;

(സി) ഈ നിർദ്ദേശങ്ങൾ നടപ്പാക്കിയോ ; ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) ജലമലിനീകരണ പ്രശ്നം മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. അന്തരീക്ഷ മലിനീകരണം ഏതാണ്ട് പൂർണ്ണമായും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി&സി) ജലമലിനീകരണ പ്രശ്നത്തെപ്പറ്റി പഠനം നടത്തി നിവാരണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഡോ. എ. സി. ദാമോദരൻ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ ഈ ഗവൺമെന്റ് നിയമിക്കുകയുണ്ടായി. കമ്മിറ്റി വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും കമ്പനി അവ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതിനിടെ പൂർണ്ണമായും മാലിന്യ വിമുക്തമാക്കി (സീറോ പൊല്യൂഷൻ) ജലം പുറത്തേക്കൊഴുക്കുന്നതിനുള്ള ഒരു ജർമ്മൻ കമ്പനിയുടെ സാങ്കേതിക വിദ്യയെ സംബന്ധിച്ച് കമ്പനി പഠനം നടത്തുകയുണ്ടായി. സാങ്കേതിക വശങ്ങൾ പരിശോധിച്ചപ്പോൾ ആ ടെക്നോളജി ഇവിടെ അനുയോജ്യമല്ലെന്നു കണ്ടതിനെത്തുടർന്ന് ഡോ. എ. സി. ദാമോദരൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അതിന് അംഗീകാരം നൽകിയിരിക്കുകയാണ്. 108.3 കോടി ചെലവു പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ ടെൻഡറുകൾ ക്ഷണിക്കുകയും വിലയിരുത്തലുകൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly